"ഭരണഭാഷ മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അലപ്പുഴ ജില്ലയിലെ അരൂക്കുറ്റി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ.മുഹമ്മദ്കുട്ടി അഷ്റഫിന്റെ ചികിത്സായിനത്തിൽ ചെലവായ തുക പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

സ.ഉ.(സാധാ) നം.1953/2026/LSGD തീയതി,തിരുവനന്തപുരം, 16-10-2026

---

പരാമർശം:- 1. അരൂക്കുറ്റി ഗ്രാമപഞ്ചായത്തിന്റെ 11.06.2025 തീയതിയിലെ 5/1 , 03.11.2025 തീയതിയിലെ 4(2) നമ്പർ യോഗതീരുമാനങ്ങൾ.

2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 09.06.2026 തീയതിയിലെ LSGD/PD/6394/2026-EER2 നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ അരൂക്കുറ്റി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. മുഹമ്മദ്കുട്ടി അഷ്റഫിന് ഹൃദയാഘാതത്തെ തുടർന്നുള്ള ചികിത്സയ്ക്ക് ചെലവായ 1,61,980/-രൂപ (ഒരു ലക്ഷത്തി അറുപത്തൊന്നായിരത്തി തൊള്ളായിരത്തി എൺപത് രൂപ മാത്രം) ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് സർക്കാർ അനുമതി തേടിയുള്ള പരാമർശം (1) പ്രകാരമുള്ള ഭരണസമിതി തീരുമാനവും അപേക്ഷയും അനുബന്ധ രേഖകളും പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിലെ അരൂക്കുറ്റി ഗ്രാമപഞ്ചായത്തിലെ പ്രസിഡണ്ട് ശ്രീ മുഹമ്മദ്കുട്ടി അഷ്റഫിന്റെ ചികിത്സായിനത്തിൽ ചെലവായ തുകയായ 1,61,980/-രൂപ (ഒരു ലക്ഷത്തി അറുപത്തൊന്നായിരത്തി തൊള്ളായിരത്തി എൺപത് രൂപ മാത്രം) ബന്ധപ്പെട്ട രേഖകളുടെ ആധികാരികതയും തുകയുടെ കൃത്യതയും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തണമെന്ന വ്യവസ്ഥയിലും, അധികമായോ ക്രമവിരുദ്ധമായോ തുക അനുവദിച്ചതായി പിന്നീട് കണ്ടെത്തുന്ന പക്ഷം ആയത് അപേക്ഷകൻ തിരിച്ചടയ്ക്കേണ്ടതാണെന്ന വ്യവസ്ഥയിലും, അരൂക്കുറ്റി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുയീനുദീൻ എൻ കെ എ എസ്
അണ്ടർ സെക്രട്ടറി

സെക്രട്ടറി, അരൂക്കുറ്റി ഗ്രാമപഞ്ചായത്ത്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

Digitally signed by
Sindhu.S
Date: 16-10-2026
15:55:47

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്

തദ്ദേശ സ്വയംഭരണ സെക്രട്ടറിയുടെ പി.എ

തദ്ദേശ സ്വയംഭരണ സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ